Email:
**contact.seckerala@gmail.com**
**electionker@gmail.com**
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**21st October 2015**

**Late Press Release**

## ജില്ലാ തിരഞ്ഞെടുപ്പ് നിരീക്ഷകരുടെ ഫോൺ നമ്പരുകൾ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിവിധ ജില്ലകളിൽ പൊതു നിരീക്ഷകരായി നിയമിച്ചവരുടെ മൊബൈൽ നമ്പരുകൾ ചുവടെ

| ജില്ല | പേര് | മൊബൈൽ നമ്പർ |
|---|---|---|
| തിരുവനന്തപുരം | ഡോ.എം.റ്റി.രാജ് | 9495999600 |
| കൊല്ലം | ശ്രീ.കെ.രാമചന്ദ്രൻ | 9447633155 |
| പത്തനംതിട്ട | ശ്രീ.വി.സനൽ കുമാർ | 9400906676 |
| ആലപ്പുഴ | ശ്രീ.പി.എം.ഫ്രാൻസിസ് | 9446544774 |
| കോട്ടയം | ശ്രീ.ഇ.ദേവദാസൻ | 9446534818 |
| ഇടുക്കി | ഡോ.പി.പുഗഴേന്തി | 9447702525 |
| എറണാകുളം | ശ്രീ.ജോസഫ് തോമസ് | 8547183216 |
| തൃശ്ശൂർ | ശ്രീമതി.ദീപ.കെ.എസ് | 9447979162 |
| പാലക്കാട് | ശ്രീ.ഷേയ്ക്ക് ഹൈദർ | 9447979172 |
| മലപ്പുറം | ശ്രീ.വി.വി.ഷാജിമോൻ | 9447112971 |
| കോഴിക്കോട് | ശ്രീമതി.സി.മീനാക്ഷി | 9489356835 |
| വയനാട് | ഡോ.ആർ.അടലരശൻ | 8547009379/9447979160 |
| കണ്ണൂർ | ശ്രീ.സുയോഗ് പട്ടീൽ സുബാഷ് റാവു | 9496182420 |
| കാസർഗോഡ് | ശ്രീ.കൃഷ്ണ കുമാർ | 8289843860/8006649764 |

*(എസ്.ഇ.സി. 123/2015)*

## അവധി തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്കും ബാധകം

പൊതു അവധി ദിവസമായ ഇന്ന് (ഒക്ടോബർ 22) തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ബാധകമായിരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇന്ന് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടത്താൻ ഉദ്ദേശിച്ചിട്ടുള്ള എന്തെങ്കിലും പരിശീലന പരിപാടികളോ, മറ്റ് പ്രവർത്തനങ്ങളോ ഉണ്ടെങ്കിൽ ആയവ അടുത്ത ദിവസങ്ങളിലേക്ക് ക്രമീകരിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയ നിർദ്ദേശങ്ങളിൽ കമ്മീഷൻ വ്യക്തമാക്കി.

*(എസ്.ഇ.സി. 124/2015)*

Email:
**contact.seckerala@gmail.com**
**electionker@gmail.com**
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**21st October 2015**

## പോസ്റ്റൽ ബാലറ്റ് വിതരണം: മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോസ്റ്റൽ ബാലറ്റുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ ബാലറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള ക്രമികരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വരണാധികാരികൾക്ക് ലഭിക്കുന്ന പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷകൾ അതാത് ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിക്ക് കൈമാറണം. ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിയുടെ ഓഫീസിൽ അപേക്ഷകൾ പരിഗണിക്കുകയും പോസ്റ്റൽ ബാലറ്റുകളുടെ വിതരണം നടത്തുകയും ചെയ്യും. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വരണാധികാരികളുടേയോ ഉപവരണാധികാരികളുടേയോ സാന്നിധ്യത്തിലായിരിക്കണം അപേക്ഷകൾ പരിഗണിക്കേണ്ടത്. പോസ്റ്റൽ ബാലറ്റുകളും അനുബന്ധ ഫോമുകളും കവറുകളും തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് നേരിട്ടോ തപാൽ മാർഗ്ഗമോ നൽകാനുള്ള സംവിധാനം വരണാധികാരികൾ ഏർപ്പെടുത്തണം.

വോട്ടു രേഖപ്പെടുത്തിയ ശേഷം പോസ്റ്റൽ ബാലറ്റും പ്രസ്താവനയും 19-ാം നമ്പർ കവറും തന്റെ മണ്ഡലത്തിലെ വരണാധികാരിക്ക് നൽകണം. തപാൽ മാർഗമോ സന്ദേശവാഹകർ വഴിയോ പോസ്റ്റൽ വോട്ടും പ്രസ്താവനയടങ്ങിയ കവറും വരണാധികാരികൾക്ക് സമർപ്പിക്കാം.

പ്രത്യേകം നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ വഴി ബാലറ്റുകളടങ്ങിയ കവർ വോട്ടെണ്ണൽ ദിവസം (നവംബർ 7 ) രാവിലെ 8 മണിക്ക് മുൻപ് അതാത് കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ വരണാധികാരികൾ ഏർപ്പെടുത്തണം. പോസ്റ്റൽ വോട്ടുകൾ വോട്ടെണ്ണൽ കേന്ദ്രത്തിൽ എത്തിക്കുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമെങ്കിൽ വാഹന സൗകര്യവും സുരക്ഷയും നൽകണം. വോട്ടെണ്ണൽ ആരംഭിച്ചതിനു ശേഷം ലഭിക്കുന്ന തപാൽ വോട്ടുകൾ എണ്ണുന്നതല്ല. അവ പ്രത്യേകം ലഭ്യമായ സമയം രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ്.

*(എസ്.ഇ.സി.. 122/2015)*